**3rd November 2015 / Monday** **9th day of 90 days**

***വിശുദ്ധ മർക്കൊസ് 8:35***

***'സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുമ്പോൾ അത് നഷ്ടപ്പെടുത്തും, ആരെങ്കിലും എനിക്കുവേണ്ടിയോ സുവിശേഷത്തിനുവേണ്ടിയോ സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതിനെ രക്ഷിക്കും'***

ജീവൻ എന്ന പദം വളരെയധികം തവണ വിശുദ്ധ വേദപുസ്തകത്തിൽ ആവർത്തിച്ച് പ്രതിപാദിച്ചിരിക്കുന്നു. ഏദൻതോട്ടത്തിൽ മാതാപിതാക്കൾ പാപം ചെയ്തപ്പോൾ അവരുടെ ജീവൻ അവർക്ക് നഷ്ടപ്പെട്ട്, തേജസ്സ് ഇല്ലാതായി, സാത്താന്റെ അവകാശത്തിലകപ്പെട്ട് അവ പാതാളത്തിൽ എത്തിച്ചേരുന്നു. ആ ജീവൻ തിരികെ വാങ്ങാനായി, ജീവന്റെ ഉറവിടമായ യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി, രക്തം പകരം കൊടുത്ത്, രക്ഷയുടെ മാർഗ്ഗം കാണിച്ചു തന്നു. നാം ഈ പ്രാണന്റെ / ജീവന്റെ വ്യാപരത്തിൽ പ്രത്യേകം ശ്രദ്ധിക്കേണം. ഈ ലോകത്തിൽ അത് പല വിധത്തിൽ നഷ്ടപ്പെടാം. നഷ്ടപ്പെടുന്ന കാര്യം നാം അറിയണമെന്നില്ല. കാരണം നഷ്ടപ്പെടൽ ഉടനെ ശരീരത്തിൽ അറിയണമെന്നില്ല. ദേഹിയിലാണ് ആദ്യം ബാധിക്കുന്നത്. അവിടെ നിന്ന് സാവകാശം മാത്രമേ ശരീരത്തിൽ പ്രവേശിക്കുകയുള്ളു. രോഗാണുക്കൾ ശരീരത്തിൽ പ്രവേശിച്ച് സാവകാശം പ്രവർത്തിക്കുന്നതുപോലെയാണ് പാപത്തിന്റെ പ്രയാണവും. പാപത്തിന്റെ വഴിയിൽ നടക്കുമ്പോൾ, പ്രാണൻ / ജീവൻ നഷ്ടപ്പെടുന്നത് നാം ഉടനെ അറിയണമെന്നില്ല. ദൈവരാജ്യത്തിനും ദൈവത്തിന്റെ പദ്ധതിയ്ക്കും വേണ്ടി നമ്മുടെ ജീവൻ സമർപ്പിക്കുകയാണെങ്കിൽ, സ്വർഗ്ഗം സന്തോഷിക്കുകയും നമ്മുടെ ജീവൻ നിത്യമായ സമാധാനത്തിന് യോഗ്യരാകുകയും ചെയ്യുന്നു. അങ്ങനെ നന്മ ചെയ്യുമ്പോൾ നഷ്ടപ്പെടുന്ന പ്രാണൻ തിരികെ കൂടുതൽ അനുഗ്രഹങ്ങളുമായി വരുന്നു. ഉടനെ തന്നെ നാം തിരിച്ചറിയുന്നു. തിന്മ ചെയ്താൽ പ്രാണൻ സാത്താന്റെ അടിമയായി പാതാളത്തിലേക്ക് പോകുന്നു. അത് ഉടനെ അറിയണമെന്നില്ല. കാരണം ഇത്തരം കാര്യങ്ങൾ മറച്ചുവെയ്ക്കാൻ ദുഷ്ടശക്തികൾക്ക് കഴിയും. എന്നാൽ പരിശുദ്ധാത്മാവ് നമ്മളെ സകലവും തക്കസമയത്ത് ഓർമ്മപ്പെടുത്തി രക്ഷയുടെ മാർഗ്ഗത്തിൽ സഞ്ചരിക്കാൻ സഹായിക്കുന്നു. അതിനായി ദൈവത്തിൽ ആശ്രയിക്കാം.